Mathrubhumi 19-09-18, P-06

## കർഷകർ എഴുതുന്നു

# പ്ലാവ് കായ്ക്കാൻ പഞ്ചസാര ലായനി



**ഡോ. പ്രദീപ് കുമാർ പുതിയങ്ങാടി**

**കോഴിക്കോട്**

▸ചിലയിടങ്ങളിൽ പ്ലാവ് നന്നായി വളരുമെങ്കിലും ചക്ക വളരെ കുറച്ചുമാത്രമേ ഉണ്ടാകാറുള്ളൂ. എൻെറ പറമ്പിലെ രണ്ടു പ്ലാവുകളിലും ചില വർഷങ്ങളിൽ ചക്ക ഉണ്ടാകില്ലായിരുന്നു. ചില വർഷങ്ങളിൽ ഒന്നോരണ്ടോ മാത്രം. ഒരു പരീക്ഷണമെന്ന നിലയിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഞാൻ ഒരു കാര്യം ചെയ്തു.

ഒക്ടോബർ മാസത്തിൽ രണ്ടു പ്ലാവുകളുടെയും തടത്തിൽ തടിയിൽനിന്നും രണ്ടടി വിട്ട് 15 സെൻറീമീറ്റർ (ആറു ഇഞ്ച്) വ്യാസവും ഒരടി ആഴവുമുള്ള നാല് കുഴികൾ നാല് ഭാഗത്തായി എടുത്തു. കുഴിയെടുക്കുമ്പോൾ പ്ലാവിൻെറ വേര് മുറിഞ്ഞുപോകാതെ നോക്കണം.

ഈ കുഴികളിൽ രണ്ടാഴ്ച ഇടവിട്ട് രണ്ടു പ്രാവശ്യം പഞ്ചസാര കലക്കിയ വെള്ളം ഒഴിച്ചുകൊടുത്തു. രണ്ടു പ്ലാവുകൾക്കും കൂടി ഓരോ പ്രാവശ്യവും ഒന്നര കിലോഗ്രാം പഞ്ചസാരയാണ് വെള്ളത്തിൽ കലക്കി ഉപയോഗിച്ചത്. പഞ്ചസാരത്തരികൾ ഇട്ടാൽ ഉറുമ്പു കൊണ്ടുപോകുമെന്നതിനാലാണ് ഇത് കലക്കിയൊഴിച്ചത്.

കഴിഞ്ഞ രണ്ട് വർഷങ്ങളിലും രണ്ട് പ്ലാവുകളിലും വളരെയേറെ ചക്കകൾ ഉണ്ടായി. വേറെ വളപ്രയോഗമൊന്നും നടത്തിയിട്ടില്ല. നിങ്ങളുടെ വീട്ടുപറമ്പിലെ പ്ലാവുകളിൽ ചക്കയുണ്ടാകുന്നില്ലെങ്കിൽ ഈ പരീക്ഷണം നടത്താവുന്നതാണ്.

(നിങ്ങളുടെ കൃഷിയനുഭവങ്ങൾ എഴുതി അയയ്ക്കാം)

